"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം-എയ്ഡഡ്സ്കൂൾ ജീവനക്കാര്യം-പത്തനംതിട്ട കിടങ്ങന്നൂർ എസ്.വി.ജി ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവ.സെക്രട്ടേറിയറ്റിലെ നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറി യും നിലവിൽ തിരുവനന്തപുരം വൈദ്യുതി ഭവനിലെ സീനിയർ ലോ ഓഫീസറുമായ ശ്രീ.കൃഷ്ണകുമാർ വി.ആർ. നെ നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എ) വകുപ്പ്**

G.O.(Rt) No.2558/2026/GEDN തീയതി,തിരുവനന്തപുരം, 07-04-2026

---

പരാമർശം:-

1. ജി.ഒ(എം.എസ്) നം.123/2014/പൊവിവ തീയതി 04./07/2014.
2. ജി.ഒ(എം.എസ്) നം.35/2016/പൊവിവ തീയതി 03/02/2016.
3. ജി.ഒ(എം.എസ്) നം.106/2017/പൊവിവ തീയതി 21/08/2017.
4. ജി.ഒ(എം.എസ്) നം.29/2023/പൊവിവതീയതി 24/03/2023.
5. ജി.ഒ(ആർ.റ്റി) നം.4048/2025/പൊവിവ തീയതി 20.06.2025.
6. ജി.ഒ(ആർ.റ്റി) നം300/2026/പൊവിവ തീയതി 13.01.2026.
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർസെക്കന്ററി വിഭാഗം) 22/03/2026 ലെ HSE/27061/2025-Acd C1നം കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കിടങ്ങന്നൂർ എസ്.വി.ജി ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ ചുവടെ ചേർക്കുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവ.സെക്രട്ടേറിയറ്റിലെ നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയും നിലവിൽ തിരുവനന്തപുരം വൈദ്യുതി ഭവനിലെ സീനിയർ ലോ ഓഫീസറായും ജോലി ചെയ്തു വരുന്ന ശ്രീകൃഷ്ണകുമാർ വി.ആർനെ നോമിനേറ്റ് ചെയ്യുന്നതിനായി പരാമർശം (7) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

| **ക്രമ നമ്പർ** | **തസ്തിക** | **നിയമനരീതി** | **ഒഴിവിന്റെ സ്വഭാവം** |
|---|---|---|---|
| 1 | എച്ച്.എസ്.എസ്.ടി സുവോളജി | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |

| | | | |
|---|---|---|---|
| 2 | എച്ച്.എസ്.എസ്.ടി,സോഷ്യോളജി | ഭിന്നശേഷി സംവരണം | വിരമിക്കൽ മൂലം |
| 3 | എച്ച്.എസ്.എസ്.ടി മലയാളം ജൂനിയർ | ഭിന്നശേഷി സംവരണം | പ്രൊമോഷൻ മൂലം |
| 4 | എച്ച്.എസ്.എസ്.ടി. ഹിന്ദി ജൂനിയർ | നേരിട്ടുള്ള നിയമനം | പ്രൊമോഷൻ മൂലം |
| 5 | എച്ച്.എസ്.എസ്.ടി, കെമിസ്ട്രി | നേരിട്ടുള്ള നിയമനം | വിരമിക്കൽ മൂലം |

2.തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിൽ 6 ജൂനിയർ തസ്തികയാണുള്ളതെന്നും നിലവിൽ അധ്യാപകർ സേവനമനുഷ്ഠിക്കുന്ന 4 ജൂനിയർ തസ്തികകളിൽ ഒരെണ്ണം തസ്തികമാറ്റം വഴി ഉള്ളതാണെന്നും ഇതിൻപ്രകാരം ബൈട്രാൻസ്ഫർ ക്വാട്ട പൂർത്തീകരിച്ചതായി കാണുന്നില്ലെന്നും 01.01.2024ലെ HSA/UPSAഅംഗീകൃത സീനിയോറിറ്റിലിസ്റ്റിൽ ഉൾപ്പെട്ട എച്ച്എസ്.എസ്.ടിജൂനിയർ മലയാളം വിഷയത്തിൽ തസ്തികമാറ്റത്തിനു യോഗ്യതയുള്ള ശ്രീമതി ഗംഗാദേവി.എസ്.പണിക്കർ പരിത്യാഗപത്രം സമർപ്പിച്ചിട്ടുണ്ടെന്നും എച്ച്.എസ്.എസ്.ടി ജൂനിയർ ഹിന്ദി വിഷയത്തിൽ തസ്തികമാറ്റത്തിന് യോഗ്യതയുള്ളവർ ആരും ഉള്ളതായി കാണുന്നില്ലെന്നും തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സുവോളജി,സോഷ്യോളജി,കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് സീനിയർ തസ്തിക മാത്രമാണുള്ളതെന്നും 01.01.2024ലെ HSA/UPSAഅംഗീകൃത സീനിയോറിറ്റിലിസ്റ്റ് പ്രകാരം ടി വിഷയങ്ങൾക്ക് തസ്തികമാറ്റത്തിന് യോഗ്യത ഉള്ളവർ ആരും ഉള്ളതായി കാണുന്നില്ലെന്നും ഭിന്നശേഷി സംവരണപ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള HSST Jr Malayalam, HSST Sociology തസ്തികകൾ മാനേജർ സമന്വയ പോർട്ടലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ചുറപ്പ് വരുത്തി ജില്ലാതല സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിഭാഗം) അറിയിച്ചിട്ടുണ്ട്.

3.ശ്രീ.കൃഷ്ണകുമാർ വി.ആർ നെ സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള മാനേജരുടെ സമ്മതപത്രം ,സർക്കാർ പ്രതിനിധിയായി നിയമിക്കുന്നതിനായുള്ള ശ്രീകൃഷ്ണകുമാർ.വി.ആർ ന്റെ സമ്മതപത്രം , 2025-26 അധ്യയനവർഷം അഞ്ചിൽ കൂടുതൽ സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ലായെന്ന ടിയാളുടെ സത്യവാങ്മൂലം എന്നിവയും പ്രൊപ്പോസലിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം അംഗീകരിച്ച 2025-26 ലെ

സർക്കാർ പ്രതിനിധികളുടെ അംഗീകൃത പാനലിൽ ശ്രീകൃഷ്ണകുമാർ.വി.ആർ ന്റെ പേര് സീരിയൽ നമ്പർ 34 ആയി ഉൾപ്പെട്ടിട്ടുണ്ട്.

4. പരാമർശം (6) പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് അധ്യാപക നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി രൂപീകരിച്ച ജില്ലാതല സമിതികളിലേക്ക് ഗവൺമെൻറ് നോമിനിയെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പത്തനംതിട്ട, ആലപ്പുഴ (കൺവീനർ - മേഖല ഉപ മേധാവി, ചെങ്ങന്നൂർ) ജില്ലകളിലേക്ക് പൊതു ഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ബി. സുനിൽകുമാർ നെ ഗവൺമെൻറ് നോമിനിയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണപ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള എച്ച്.എസ്.എസ്.ടി സോഷ്യോളജി, എച്ച്.എസ്.എസ്.ടി മലയാളം ജൂനിയർ തസ്തികകൾ മാനേജർ സമന്വയ പോർട്ടലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ചുറപ്പ് വരുത്തി ജില്ലാതല സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5.മേൽ സാഹചര്യത്തിൽ ടിയാന് അനുവദനീയമായ TA/DA എന്നിവ മാനേജർ നൽകേണ്ടതാണെന്നും സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള ടി സെലക്ഷൻ നടപടികൾ കെ.ഇ.ആർ അധ്യായം 32 പ്രകാരമാണ് നടത്തുന്നതെന്ന് സർക്കാർ പ്രതിനിധി ഉറപ്പുവരുത്തേണ്ടതും അത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന വ്യക്തികളുടെ വിശദാംശങ്ങളുടെ പകർപ്പ് സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും ഭിന്നശേഷിസംവരണം നടപ്പിലാക്കേണ്ടത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/കോടതി വിധിന്യായങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണെന്നും 2025-26 അധ്യയനവർഷം അവസാനിച്ച സാഹചര്യത്തിൽ ടി നിയമനങ്ങൾക്ക് 2026-27 അധ്യയനവർഷം മുതലേ അംഗീകാരം നൽകാവൂ എന്നുമുള്ള വ്യവസ്ഥകളിൻമേൽ പത്തനംതിട്ട ജില്ലയിലെ കിടങ്ങന്നൂർ എസ്.വി.ജി ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി സുവോളജി, എച്ച്.എസ്.എസ്.ടി കെമിസ്ട്രി, എച്ച്.എസ്.എസ്.ടി. ഹിന്ദി ജൂനിയർ, എന്നീ തസ്തികകളിലേക്ക് ടി തസ്തികകൾ നിലനിൽക്കുന്നുണ്ടെങ്കിൽ നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയായി ഗവ.സെക്രട്ടേറിയേറ്റിലെ നിയമവകുപ്പിലെ ജോയിന്റ്

സെക്രട്ടറിയും നിലവിൽ തിരുവനന്തപുരം വൈദ്യുതി ഭവനിലെ സീനിയർ ലോ ഓഫീസറുമായ ശ്രീകൃഷ്ണകുമാർ വി.ആർ. നെ കെ.ഇ.ആർ അധ്യായം 32 ചട്ടം 5 നോട്ട് പ്രകാരം നോമിനേറ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
JOINT SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിദ്യാഭ്യാസം) തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ഹയർസെക്കന്ററി വിദ്യാഭ്യാസം, ചെങ്ങന്നൂർ.
ശ്രീകൃഷ്ണകുമാർ.വി.ആർ,ജോയിന്റ് സെക്രട്ടറി,നിയമവകുപ്പ്(സീനിയർ ലോ ഓഫീസർ,വൈദ്യുതി ഭവൻ,പട്ടം,തിരുവനന്തപുരം)
മാനേജർ,എസ്.വി.ജി .എച്ച്.എസ്.എസ്,കിടങ്ങന്നൂർ.പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരളം,തിരുവനന്തപുരം
ഡയറക്ടർ,വെബ്&ന്യൂമീഡിയ(പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (എ3/43/2026/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by Abeeja Raj B
Date: 08-04-2026 10:10:09
സെക്ഷൻ ഓഫീസർ